## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1372 | 13.12.2012-ൽ മറുപടിയ്ക്ക്

### പൊതുമരാമത്ത് വകുപ്പിലെ ഇ-ടെൻഡർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബെന്നി ബെഹനാൻ**<br>**,, അൻവർ സാദത്ത്**<br>**,, ആർ.സെൽവരാജ്**<br>**,, ലൂഡി ലൂയിസ്** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിൽ ഇ-ടെൻഡറിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത സംവിധാനം കൊണ്ടുള്ള നേട്ടങ്ങളും സവിശേഷതകളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ടെണ്ടർ നടപടികൾ കൂടുതൽ കാര്യക്ഷമമായും വേഗത്തിലും നടപ്പാക്കാൻ ഇ-ടെണ്ടറിംഗ് വഴി കഴിയുന്നു. കോൺട്രാക്ടർമാർക്ക് നേരിട്ട് ഹാജരാകാതെ തന്നെ വെബ്സൈറ്റിൽ നിന്നും ടെണ്ടർ രേഖകൾ വായിക്കുവാനും അതുവഴി കൂടുതൽ മത്സരക്ഷമത ഉറപ്പാക്കാനും സാധിക്കുന്നു. ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ വെബ്സൈറ്റിലൂടെ ജനങ്ങൾക്ക് അറിയാൻ കഴിയുമെന്നതിനാൽ അഴിമതി തടയാൻ കഴിയുന്നു. ഇതിലൂടെ വകുപ്പി ന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുവാനും അനാവശ്യചെലവുകൾ ഒഴിവാക്കാനുമാകുന്നു. ടെണ്ടർ ക്ഷണിക്കുന്ന ഉദ്യോഗസ്ഥന്റെ ഡിജിറ്റൽ സിഗ്നേച്ചർ, ടെണ്ടർ രേഖകളിൽ ഉപയോഗിക്കുന്നതിനാൽ ഇ-ടെണ്ടറിംഗ് ആധികാരികമാകുന്നു. ഇ-ടെണ്ടറിംഗിൽ പങ്കെടുത്ത വ്യക്തികളുടെ പേര വിവരങ്ങൾ ടെണ്ടർ തുറക്കുന്നതുവരെയും അറിയാൻ കഴിയുന്നില്ല എന്നതിനാൽ തന്നെ ടി വ്യക്തികളുടെ മേൽ വിവിധ തരം സ്വാധീനം ചെലുത്തലുകൾ ഉണ്ടാകുന്നത് ഒഴിവാക്കാൻ കഴിയും. |
| (സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ജനങ്ങൾക്ക് ലഭിക്കുന്നത് ; | (സി) ടെണ്ടർ നടപടിക്രമങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതോടുകൂടി ജനങ്ങൾക്ക് ആയവ ലഭ്യമാകുന്നതും, അതിലൂടെ അഴിമതിക്കുള്ള അവസരം കുറയുന്നതുമാണ്. |

| | | | |
|---|---|---|---|
| (ഡി) | ടെൻഡറിനുള്ള സുതാര്യതയ്ക്കുവേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്? | (ഡി) | ഇ-ടെണ്ടറുകളുടെ നിലവിലെ അവസ്ഥ, പങ്കെടുത്ത കരാറുകാർ തുടങ്ങിയ കാര്യങ്ങൾ വെബ്സൈറ്റിലൂടെ ജനങ്ങൾക്ക് ലഭ്യമാകുന്നതിനാൽ അഴിമതിക്കുള്ള സാധ്യത കുറയും. കൂടാതെ ടെണ്ടർ തുറക്കുന്നതിനു മുമ്പ്, ടെണ്ടർ സമർപ്പിച്ചവരെപ്പറ്റിയുള്ള വിവരങ്ങൾ അറിയാനും സാധിക്കില്ല. അതിനാൽ ബാഹ്യ സ്വാധീനത്തിനുള്ള സാധ്യത കുറയുന്നു. കൂടാതെ ടെണ്ടർ ക്ഷണിക്കുന്ന ഉദ്യോഗസ്ഥനും കരാറുകാരനും ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിക്കുന്നതിനാൽ ഇ-ടെണ്ടർ ആധികാരികവുമാകുന്നു. |

**സെക്ഷൻ ഓഫീസർ**